മാധ്യമം

12 January 2017

# തീരനൈപുണ്യ പദ്ധതി സമാപിച്ചു

● 28 വനിതകൾക്കാണ് വിവിധ മേഖലകളിൽ പരിശീലനം നൽകിയത്

**കൊച്ചി:** മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൻെറ (സി.എം.എഫ്.ആർ.ഐ) ശാക്തീകരണ പാഠം. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കുന്ന ബഹുമുഖ പരിശീലന പരിപാടിയായ തീരനൈപുണ്യ പദ്ധതിയിൽ 28 വനിതകൾക്കാണ് ഉപരിപഠനം, തൊഴിൽ, വ്യക്തിത്വവികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് പുതിയ അറിവുകൾ പഠിക്കാൻ അവസരം ലഭിച്ചത്.

ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) ചേർന്നാണ് രണ്ട് മാസം നീണ്ട പരിശീലന പരിപാടി സംഘടിപ്പിച്ചത്. തുടർവിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ വൈദഗ്ധ്യം, വ്യക്തിത്വ വികസനം, നേതൃത്വപാടവശേഷി, സംരംഭകത്വം, ആശയവിനിമയ ശേഷി, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ വൈവിധ്യമായ മേഖലകളിലാണ് യുവതികൾക്ക് പരിശീലനം നൽകിയത്.മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സി.എം.എഫ്.ആർ.ഐ തീരനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനുമുതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണ് പരിശീലന പരിപാടി ഒരുക്കിയതെന്ന് പ്രിൻസിപ്പൽ സയൻറിസ്റ്റും തീരനൈപുണ്യ പദ്ധതി കോഴ്സ് ഡയറക്ടറുമായ ഡോ.ശ്യാം എസ്. സലീം പറഞ്ഞു.